# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 2723 12.02.2019-ലെ മറുപടി

## ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 10 ഗ്രാമ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിക്ക് 4.3.2014-ലെ ഉത്തരവ് പ്രകാരം 1725 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. ഈ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ മണലൂർ നിയമസഭാ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നില്ല. ഈ പദ്ധതിയിൽ ഉൾപ്പെട്ട 29 MLD ശുദ്ധീകരണശാലയുടെ കപ്പാസിറ്റി 33 MLD ആക്കി ഉയർത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾക്കു കൂടി പ്രയോജനം ലഭ്യമാക്കണമെന്ന ആവശ്യമുയർന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തുകൾക്ക് ശുദ്ധജലലഭ്യതക്കായി 1360 ലക്ഷം രൂപക്ക് പുതിയ ഒരു പദ്ധതിക്ക് 1.3.2016 ൽ NRDWP സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയുണ്ടായി.<br>ഈ പദ്ധതി പ്രകാരം പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 33 MLD പ്ലാന്റിൽനിന്ന് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ 4 MLD ശുദ്ധജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ ശേഖരിക്കാനാണ് വിഭാവനം ചെയ്തത്. താഴെ പറയുന്ന ഘടകങ്ങളാണ് ഈ ഭരണാനുമതിയിൽ ഉണ്ടായിരുന്നത്.<br>1. ശുദ്ധീകരിച്ച ജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ എത്തിക്കുന്നതിനായി ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ<br>2.പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉന്നതതല സംഭരണികളുടെ നിർമ്മാണം.<br>3.പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിലെ ശുദ്ധീകരണശാല 29 MLD -യിൽനിന്ന് 33 MLD ആയി ഉയർത്തുന്നതിനും ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുമുള്ള ചെലവിന്റെ അപ്പോർഷന്റ് കോസ്റ്റ്. |

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുകയും 5 കി.മീ. നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്ന് റോഡ് കട്ടിംഗിനും റെയിൽ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടി വന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി G.O. (Rt)No. 615/2018/WRD തീയതി 20/8/18 പ്രകാരം 350 ലക്ഷം രൂപക്ക് ഇതിനായി ഭരണാനുമതി നല്കി. തുടർന്ന് ഇതിന്റെ ദർഘാസ് വീണ്ടും ക്ഷണിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ ഉന്നതതല സംഭരണികളിൽനിന്ന് പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലവിതരണം നടത്താനായി വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഈ പദ്ധതിയുടെ അടുത്ത ഘട്ടമായി (54.8 കോടി രൂപയുടെ) വിഭാവനം ചെയ്ത് അനുയോജ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി അനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രവൃത്തി കൂടി പൂർത്തിയായാൽ മാത്രമേ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ

| | | |
|---|---|---|
| ബി പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; | ബി യും സി യും ഡി യും | അനുബന്ധമായി ചേർത്തിരിക്കുന്നു |
| സി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| ഡി രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം രൂപ) | നിലവിലെ സ്ഥിതി | പൂർത്തീകരിക്കാൻ ഉദ്ദേശിച്ച തീയതി |
|---|---|---|---|---|
| 1 | സംസ്ഥാന പദ്ധതി 2017-18 : പാവറട്ടിമുല്ലശ്ശേരി പഞ്ചായത്തിലേക്കുള്ള ശുദ്ധജലവിതരണപദ്ധതി - ചാറ്റുകുളംമുതൽപാവറട്ടിമുല്ലശ്ശേരിഎന്നീപഞ്ചായത്തുകളിൽസ്ഥാപിക്കുന്ന ഉന്നതതല സംഭരണിയിലേയ്ക്ക് 300 / 250 / 200 മി.മീ. ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി - പാക്കേജ് 1 | 561.76 | 5 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് റോഡ് കട്ടിംഗിനും റെയിൽക്രോസ്സ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | 31.12.2019 |
| 2 | സംസ്ഥാന പദ്ധതി 2017-18: പാവറട്ടിക്കും അനുബന്ധ 10 പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണപദ്ധതിയുടെ ശാക്തീകരണം (തൃശ്ശൂർ, പാലക്കാട്)<br>1)600 എച്ച് പി. റോവാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ<br>2)700 മി.മീ.ഡി. ഐ. കെ-9 റോവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ<br>3)1000 കെവിഎ ട്രാൻസ്ഫോമർ, ട്രാൻസ്ഫോമർ യാർഡും സ്ഥാപിക്കൽ | 476 | ദർഘാസ് തീയതി 12/02/2019 വച്ച് ദർഘാസ് നടപടികൾ നടന്നുവരുന്നു. | 31.12.2019 |
| 3 | സംസ്ഥാന പദ്ധതി 2018-19 : പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്ററും, മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷംലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണം. | 350 | ദർഘാസ് തിയതി 11/02/2019 വച്ച് ദർഘാസ് നടപടികൾ നടന്നുവരുന്നു. | 31.12.2019 |
| 4 | എൻ.ആർ.ഡി.ഡബ്ല്യൂ.പി 2014 : പാവറട്ടിക്കും അനുബന്ധ 10 പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണപദ്ധതിയുടെ ശാക്തീകരണം (തൃശ്ശൂർ, പാലക്കാട്) - 12 മീറ്റർ വ്യാസമുള്ള കിണറിൻറേയും പമ്പ് ഹൗസിൻറേയും നിർമ്മാണവും, പാനൽ ബോഡിൻറേയും ഫൂട്ട് ബ്രിഡ്ജിൻറേയും നിർമ്മാണം - പാക്കേജ് - 1, പാക്കേജ് - 4: 33 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണം | 1725 | പാക്കേജ് - 1 - 65% പൂർത്തീകരിച്ചു.<br>പാക്കേജ് - 4 - പ്രവൃത്തി പൂർത്തീകരിച്ചു.എന്നാൽ പവർ കണക്ഷന്റെ തുക അടച്ചെങ്കിലും കണക്ഷൻ ലഭ്യമായിട്ടില്ല. | |

Renuka Sankar